(ബി) മറ്റുകാലങ്ങളിൽ അവർ മത്സ്യബന്ധനം നടത്തുന്നുണ്ടോ;

(സി) മൺസൂൺ കാലത്ത് ട്രോളിംഗ് നിരോധനം നടത്തുന്നതിനു പകരം ഡിസംബർ ജനുവരി മാസങ്ങളിൽ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സംസ്ഥാനാതിർത്തിക്കുള്ളിൽ അവർ മത്സ്യബന്ധനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇല്ല.

ആഴക്കടൽ മത്സ്യബന്ധനത്തിന് പോകുന്ന ബോട്ടിന്റെ പ്രവർത്തനത്തിനുള്ള ചെലവ്

89 [3676] ശ്രീ. എം. എ. ചന്ദ്രശേഖരൻ:

,, ലൂഡി ലൂയിസ്:

,, എ. സുജനപാൽ:

,, ജി. പ്രതാപവർമ്മ തമ്പാൻ:

,, ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഴക്കടൽ മത്സ്യബന്ധനത്തിന് പോകുന്ന ഒരു ബോട്ടിന്റെ പ്രവർത്തനത്തിന് ജീവനക്കാരുടെ ശമ്പളം, അലവൻസ് ഉൾപ്പെടെ ഒരു ട്രിപ്പ് മത്സ്യബന്ധനം നടത്തുന്നതിന് എന്തു ചെലവു വരുമെന്നു വെളിപ്പെടുത്തുമോ;

(ബി) ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന ഒരു ബോട്ട് നഷ്ടം കൂടാതെ മുന്നോട്ടു പോകുന്നതിന് ഒരു ട്രിപ്പിൽ ശരാശരി എന്തു വിലയ്ക്കുള്ള മത്സ്യം ലഭിക്കണമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ട്രോളിംഗ് നിരോധനമില്ലാത്തപ്പോൾ ഒരോ ട്രിപ്പിലും ശരാശരി എന്തു വിലയ്ക്കുള്ള മത്സ്യം ഫിഷിംഗ് ബോട്ടുകൾക്ക് കിട്ടാറുണ്ട്; ഫിഷിംഗ് ബോട്ടുകൾക്ക് അനുവദിക്കുന്ന മണ്ണെണ്ണ സബ്സിഡി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഏകദേശം 55,000 രൂപ.

(ബി) ശരാശരി ഒരു ലക്ഷം രൂപയ്ക്കുള്ള മത്സ്യം ലഭിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

(സി) ട്രോളിംഗ് നിരോധനം കഴിച്ചുള്ള മാസങ്ങളിൽ ആകെ 40 ലക്ഷം രൂപയോളം കിട്ടാറുണ്ട്. ഫിഷിംഗ് ബോട്ടുകൾക്ക് മണ്ണെണ്ണ അനുവദിക്കാറില്ല.

അക്വാകൾച്ചർ തസ്തികയിലെ നിയമനം

90 [3677] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിൽ 19 അക്വാകൾച്ചർ തസ്തികയിലേക്ക് നിയമനത്തിനായി പി. എസ്. സി. മുഖേന അപേക്ഷ ക്ഷണിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തിക ഫിഷറീസ് വകുപ്പിൽ നിലവിലില്ലാത്തതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത നിയമന പ്രക്രിയ റദ്ദുചെയ്യുവാൻ പി. എസ്. സി.-യോട് ആവശ്യപ്പെടുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ 6 ഓരുജല മത്സ്യക്കർഷക വികസന ഏജൻസികൾക്കുവേണ്ടി സൃഷ്ടിച്ച് 19 അക്വാകൾച്ചർ വിദഗ്ദ്ധരുടെ തസ്തികകൾ മത്സ്യബന്ധന വകുപ്പിന്റെ തസ്തികകളായി പരിഗണിക്കുവാൻ നിർവ്വാഹമില്ല.

(സി) ഈക്കാര്യത്തിൽ സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്നത് വരെ നിയമന നടപടികൾ നിർത്തിവയ്ക്കാൻ പി.എസ്സ്.സി.-യോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

ഫിഷറീസ് വകുപ്പിൽ സബ് ഇൻസ്പെക്ടറായി നിയമനം ലഭിക്കുന്നതിനുള്ള യോഗ്യത

91 [3678] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിൽ സബ് ഇൻസ്പെക്ടറായി നിയമനം ലഭിക്കുന്നതിനുള്ള യോഗ്യത എന്താണെന്ന് പറയാമോ;

(ബി) മത്സ്യഭവന ഓഫീസേഴ്സായി പ്രൊമോഷൻ ലഭിക്കുന്നതിനുള്ള യോഗ്യത എന്താണെന്ന് അറിയിക്കാമോ;

(സി) എം.എസ്.സി. ഇൻഡസ്ട്രിയൽ ഫിഷറീസ് ബി.എഫ്.എസ്സി.-ക്ക് തുല്യമാണോ;

LIBRARY ARCHIVES Kerala Legislative Assembly